പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 209          04.02.2013-ൽ മറുപടിയ്ക്ക്

## കായികമേളകളിൽ മികവ് പുലർത്തുന്ന സ്കൂളുകൾക്ക് കൂടുതൽ സൗകര്യങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റ്റി.യു.കുരുവിള | ശ്രീ.കെ.ബി.ഗണേഷ്കുമാർ (വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാന-ദേശീയ കായിക മേളകളിൽ മികവ് പുലർത്തുന്ന സ്കൂളുകൾക്കും മറ്റ് സ്ഥാപനങ്ങൾക്കും പ്രത്യേക പാക്കേജിലൂടെ കൂടുതൽ സൗകര്യങ്ങൾ നൽകുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദാംശം നൽകുമോ ; | (എ), സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാന-ദേശീയ കായിക മേളകളിൽ മികവ് പുലർത്തുന്ന സ്കൂളുകളെയും സ്ഥാപനങ്ങളെയും **'സ്പോർട്സ് ട്രെയിനിംഗ് സെന്റർ സ്കീമിൽ'** ഉൾപ്പെടുത്തി പ്രതിവർഷം 1 ലക്ഷം രൂപയും, **'ഡേ ബോർഡിംഗ് സ്കീമിൽ'** ഉൾപ്പെടുത്തി ഒരു കായികതാരത്തിന് പ്രതിദിനം 25 രൂപ വീതവും എല്ലാ മാസവും, നിബന്ധനകൾക്ക് വിധേയമായി, സാമ്പത്തികസഹായം അനുവദിച്ച് വരുന്നു. കൂടാതെ, സംസ്ഥാന സ്കൂൾ അത്‌ലറ്റിക്സ് മത്സരങ്ങളിൽ പങ്കെടുത്ത് ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങളിൽ വരുന്ന സ്കൂളുകൾക്ക് യഥാക്രമം 1,10,000/-, 82,500/-, 55,000/- രൂപ നിരക്കിലുള്ള ക്യാഷ് അവാർഡും കായികതാരങ്ങൾക്ക് യഥാക്രമം 750/-, 650/, 500/ രൂപ നിരക്കിലുള്ള ക്യാഷ് അവാർഡും നൽകി വരുന്നുണ്ട്. സംസ്ഥാന സ്കൂൾ ഗെയിംസ് മത്സരങ്ങളിൽ വിജയികളാകുന്ന താരങ്ങൾക്ക് യഥാക്രമം 375/, 250/, 125/ രൂപ നിരക്കിലും ക്യാഷ് അവാർഡ് നൽകി വരുന്നുണ്ട്. ദേശീയ മത്സരങ്ങളിൽ ഒന്നും, രണ്ടും, മൂന്നും സ്ഥാനങ്ങളിലെത്തുന്ന കായികതാരങ്ങൾക്ക് 25,000/-, 15,000/-, 10,000/- രൂപ നിരക്കിലും ദേശീയ മത്സരങ്ങളിൽ പങ്കെടുത്ത് വിജയിക്കുന്ന ടീമിന്റെ കോച്ചുമാർക്കും, ട്രെയിനേഴ്സിനും, മാനേജർമാർക്കും 5000/- രൂപ വീതം ക്യാഷ് അവാർഡും നൽകി വരുന്നു. |
| (ബി) മികവ് പുലർത്തുന്ന സ്കൂളുകൾക്കും താരങ്ങൾക്കും കോച്ചുമാർക്കും നൽകിവരുന്ന പ്രോത്സാഹന ക്യാഷ്പ്രൈസുകൾ വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദാംശം നൽകുമോ ? | (ബി) ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ